" ഭരണഭാഷ മാതൃഭാഷ "

നം.KDFWF/E/870/2020

കേരള ക്ഷീരകർഷക ക്ഷേമനിധി
തിരുവനന്തപുരം- 695004
ഇ-മെയിൽ : keraladairyfarmerswfb@yahoo.in
ഫോൺ നം. 0471-2723671
തീയതി. 24.06.2020

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**എല്ലാ ബ്ലോക്ക് നോഡൽ ഓഫീസർമാ ർക്കും**

സർ,

വിഷയം:- ക്ഷീരകർഷക ക്ഷേമനിധി - അംശദായം റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന :- ബഹു.ചീഫ് എക്സിക്യുട്ടീവ് ഓഫീസറുടെ നിർദ്ദേശം.

ക്ഷീരകർഷക ക്ഷേമനിധിയുടെ ഒരേയൊരു വരുമാന മാർഗ്ഗമാണ് ക്ഷീരകർഷകരിൽ നിന്നും ക്ഷീരസംഘങ്ങളിൽ നിന്നും മേഖലായൂണിയനുകളിൽ നിന്നും ലഭിക്കുന്ന അംശദായം. എന്നാൽ അംശദായം ഒടുക്കുന്നതിലും അംശദായ റിപ്പോർട്ട് സമർപ്പിക്കുന്നതിലും വലിയ രീതിയിലുള്ള അമാന്തം ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്. ഓരോ മാസത്തിലുമുള്ള അംശദായം കൃത്യമായി ക്ഷേമനിധിയുടെ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതിന്റെ ചുമതല സംഘം സെക്രട്ടറിക്കാണെന്ന് നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്യുമ്പോഴാണ് അംശദായ റിപ്പോർട്ടിങ്ങിലും, അംശദായം ഒടുക്കുന്നതിലും വീഴ്ച സംഭവിക്കുന്നത്.

അംശദായ റിപ്പോർട്ടിങ്ങിലും, അംശദായം ഒടുക്കുന്നതിലും സംഭവിച്ചിരിക്കുന്ന അമാന്തം ബ്ലോക്ക് നോഡൽ ഓഫീസർമാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു. നിലവിലുള്ള പെന്റിങ്ങ് റിപ്പോർട്ടുകളും അംശദായ കുടിശ്ശികയും ഈ കത്ത് കൈപ്പറ്റി ഒരു മാസത്തിനകം തീർപ്പാക്കണമെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

വിഷയത്തിന്മേൽ അലംഭാവം കാണിക്കുന്ന ബ്ലോക്ക് നോഡൽ ഓഫീസർമാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ് - 1) ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ
2) ജില്ലാ നോഡൽ ഓഫീസർ